ഗിരി വികാസ് പദ്ധതി

*16 [316] ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആദിവാസി തുടർവിദ്യാഭ്യാസത്തിനായി മുപം നൽകിയ 'ഗിരിവികാസ്' പദ്ധതിക്ക് ആവശ്യമായ ധനസഹായം ലഭ്യമാകാത്തതുമൂലം ആദിവാസികളുടെ തുടർവിദ്യാഭ്യാസപദ്ധതി സംതംഭനാവസ്ഥയിലായെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇപ്പോൾ മേൽപ്പറഞ്ഞ പദ്ധതി ഏതൊക്കെ ജില്ലകളിലാണ് നടപ്പിലാക്കിയിട്ടുള്ളത്;

(സി) ഈ പദ്ധതിയുടെ ഗുണം എത്ര ആദിവാസി വിദ്യാർത്ഥികൾക്ക് ലഭിച്ചു വരുന്നു; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ഡി) ഈ പദ്ധതി പ്രകാരം ആദിവാസികളായ കുട്ടികളുടെ തുടർവിദ്യാഭ്യാസത്തിനായി സംസ്ഥാനത്ത് എവിടെയെല്ലാം അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്;

(ഇ) ഈ വർഷം എത്ര തുക ഈ പദ്ധതിയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്;

(എഫ്) ആദിവാസികൾ കൂടുതലുള്ള എല്ലാ ജില്ലകളിലേക്കും ഈ പദ്ധതി വ്യാപിപ്പിക്കുവാനും കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കേണ്ട വിഹിതം നേടി എടുക്കുവാനും അടിയന്തിര നടപടികൾ കൈക്കൊള്ളുമോ?

പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി (ഡോ. എം. എ. കുട്ടപ്പൻ):

(എ) പട്ടികവർഗ്ഗ വികസന വകുപ്പുവഴി നടപ്പിലാക്കുന്ന ഒരു പദ്ധതിയല്ല ഗിരിവികാസ് പദ്ധതി. ജില്ലാ കളക്ടർമാർ ചെയർമാനായുള്ള മാനേജ്മെന്റ് കമ്മിറ്റിയുടെ അംഗീകാരത്തോടെ നെഹ്റു യുവകേന്ദ്ര നടപ്പിലാക്കുന്ന പദ്ധതിയാണിത്. ധനസഹായം ലഭ്യമാകാത്തതുമൂലം പദ്ധതി സ്തംഭനാവസ്ഥയിലാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പാലക്കാട്, കോഴിക്കോട് ജില്ലകളിൽ.

(സി) അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ഡി) നിലവിൽ പാലക്കാട്, കോഴിക്കോട് ജില്ലകളിൽ.

(ഇ) സംസ്ഥാന സർക്കാരിന്റെ പദ്ധതിയല്ലാത്തതിനാൽ ഇതിനായി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ല. പദ്ധതിയുടെ ആവശ്യാനുസരണം തുക പട്ടികവർഗ്ഗ ഉപപദ്ധതിയുടെ കേന്ദ്ര സഹായത്തിൽ നിന്ന് നൽകിവരുന്നു.

(എഫ്) പാലക്കാട്, കോഴിക്കോട് ജില്ലകളിലാണ് ഈ പദ്ധതി ഇപ്പോൾ നടപ്പിലാക്കി വരുന്നത്. അതാത് ജില്ലാ കളക്ടർമാർ ചെയർമാനായുള്ള മാനേജ്മെന്റ് കമ്മിറ്റിയുടെ അംഗീകാരത്തോടെ നെഹ്റു യുവകേന്ദ്ര സമർപ്പിക്കുന്ന പ്രൊപ്പോസൽ പരിശോധിച്ച് പദ്ധതിയുടെ ആവശ്യാനുസരണം പ്രത്യേക കേന്ദ്രസഹായ നിധിയിൽ നിന്നും ഫണ്ടനുവദിച്ചുവരുന്നു. ആദിവാസി കൂടുതലുള്ള മറ്റ് ജില്ലകളിലും പരാജിതരാകുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് തുടർ വിദ്യാഭ്യാസത്തിനായി പദ്ധതി പ്രൊപ്പോസലുകൾ സമർപ്പിക്കുന്ന മുറയ്ക്ക് ഗവൺമെന്റ് ഇക്കാര്യം പരിശോധിക്കുന്നതാണ്. കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കേണ്ട വിഹിതം നേടിയെടുക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

† അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം II—(തുടർച്ച)

ഈ പദ്ധതി പ്രകാരം ധനസഹായം നല്കാവുന്ന സാഹചര്യങ്ങളും തുകയും അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകളും മറ്റും സംബന്ധിച്ച വിവരങ്ങൾ താഴെ കൊടുക്കുന്നു:

ധനസഹായം ലഭിക്കാവുന്ന കാര്യങ്ങൾ	*ആവശ്യമായ രേഖ*	*പരമാവധി തുക (രൂപയിൽ)*
1. ചികിത്സ ചെലവുകൾ:		
കൃാൻസർ മുതലായ രോഗങ്ങൾക്കുള്ള ചികിത്സ, ദീർഘകാലം നടക്കുന്ന ചികിത്സ, ചെലവ് കൂടിയ ശസ്ത്രക്രിയകൾ, ഡയാലിസിസ് തുടങ്ങിയവ	1. മെഡിക്കൽ സർട്ടിഫിക്കറ്റ് 2. ജാതി സർട്ടിഫിക്കറ്റ് 3. വരുമാന സർട്ടിഫിക്കറ്റ്	25,000 (ഇരുപത്തയ്യായിരം)
2. തീപിടിത്തം, പ്രകൃതിക്ഷോഭം എന്നിവ നിമിത്തം അത്യാവശ്യമായി വരുന്ന ചെലവുകൾ	1. ജാതി സർട്ടിഫിക്കറ്റ് 2. വരുമാന സർട്ടിഫിക്കറ്റ് 3. ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസറുടെ സർട്ടിഫിക്കറ്റ്/ശുപാർശ 4. വില്ലേജ് ആഫീസറുടെ/ തഹസിൽദാറുടെ സർട്ടിഫിക്കറ്റ്/ശുപാർശ	10,000 (പതിനായിരം)

മറ്റ് ഏതെങ്കിലും ഗവൺമെന്റ് ഏജൻസിയിൽനിന്നുള്ള ധനസഹായമോ ഇൻഷ്വറൻസ് തുകയോ, രക്ഷാനിധി വിഹിതമോ ലഭിച്ചിട്ടുണ്ടെങ്കിൽ അത്രയും തുക കുറച്ചുള്ള തുക മാത്രമേ ഈ പദ്ധതി പ്രകാരം ലഭിക്കുകയുള്ളൂ. ധനസഹായത്തിന് അപേക്ഷ നല്കുമ്പോൾ മറ്റ് ഏജൻസികളിൽ നിന്നും ലഭിച്ച ധനസഹായത്തിന്റെ പൂർണ്ണ വിവരം നല്കേണ്ടതാണ്.

അനുബന്ധം III

[13-7-2004-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *16 (316) ദയവായി കാണുക]

ഗിരി വികാസ്—S.S.L.C.—പാലക്കാട്

വർഷം	പരിശീലനം നേടിയവർ	വിജയിച്ചവർ	ശതമാനം
1993-94	27	24	85
1994-95	48	42	87
1995-96	51	39	75
1996-97	47	46	97.8
1997-98	48	42	87.5

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം III—(തുടർച്ച)

വർഷം	പരിശീലനം നേടിയവർ	വിജയിച്ചവർ	ശതമാനം
1998-1999	51	50	98
1999-2000	47	39	83
2000-2001	41	41	100
2001-2002	44	42	96
2002-2003	42	42	100
2003-2004	40	40	100
ആകെ	486	447	92

ഗിരി വികാസ്—S.S.L.C.—കോഴിക്കോട്

വർഷം	പരിശീലനം നേടിയവർ	വിജയിച്ചവർ	ശതമാനം
2001-2002	26	17	65.38
2002-2003	19	14	73.68
2003-2004	20	19	95
(നോൺ പ്രിമിറ്റീവ്)			
2003-2004 (പ്രിമിറ്റീവ്)	6	3	50
ആകെ	71	53	81.53

ഗിരി വികാസ്—പ്ലസ്ടു/പ്രീഡിഗ്രി—പാലക്കാട്

വർഷം	പരിശീലനം നേടിയവർ	വിജയിച്ചവർ	ശതമാനം
1999-2000	28	22	79
2000-2001	25	24	6
2001-2002	24	23	96
2002-2003	20	19	95
2003-2004	18	18	100
ആകെ	115	106	92

ഗുരുകുലം—S.S.L.C.—അട്ടപ്പാടി

വർഷം	പരിശീലനം നേടിയവർ	വിജയിച്ചവർ	ശതമാനം
2003-2004	33	19	58

LIBRARY ARCHIVES Kerala Legislative Assembly